ട്രെയിനിംഗ് ലഭിച്ചവർ നിയമനവും കാത്തിരിക്കുന്നു എന്നു സാമാന്യമായി കണക്കാക്കപ്പെട്ടിട്ടുണ്ട്.

(സി) പൊതുവിൽ അത്തരം ആക്ഷേപങ്ങൾ ഉണ്ടായിട്ടില്ല. ചുരുക്കം പേരുടെ കാര്യത്തിൽ അങ്ങിനെ സംഭവിച്ചിട്ടുണ്ടാകാം.

(ഡി) ഇന്നത്തെ സാഹചര്യങ്ങളിൽ ടി. ടി. സി. പാസ്സാകാത്തവർക്ക് ജോലി നൽകുവാൻ മാനേജുമെൻറിന് സാധിക്കുകയില്ല. ഒന്നാമത് ഒഴിവുകൾ പ്രസിദ്ധപ്പെടുത്തണം. അങ്ങിനെ പ്രസിദ്ധീകരിച്ചിട്ടും നിശ്ചിത യോഗ്യതകൾ ഉള്ളവരെ നിയമനത്തിന് ലഭിക്കാത്തപക്ഷം മാനേജർമാർ എംപ്ലോയിമെൻറ് എക്സ്ചേഞ്ചിലേയ്ക്ക് എഴുതണം. എംപ്ലോയിമെൻറ് എക്സ്ചേഞ്ചിൽ നിന്ന് യോഗ്യതയുള്ളവർ ഇല്ലെന്നുള്ള സർട്ടിഫിക്കറ്റ് കിട്ടിയാൽ മാത്രമേ യോഗ്യതയില്ലാത്തവരെ നിയമിക്കുന്ന പ്രശ്നം ഉത്ഭവിക്കുന്നുള്ളൂ. അങ്ങിനെ യോഗ്യതയില്ലാത്തവരെ നിയമിക്കുന്നതിന് ഡിപ്പാർട്ടുമെൻറിന്റെ മുൻകൂട്ടിയുള്ള അനുമതി ആവശ്യമാണ്. ഇപ്പോഴുള്ള ചട്ടങ്ങൾതന്നെ ട്രെയിനിംഗ് ഇല്ലാത്ത അദ്ധ്യാപകരെ നിയമിക്കുന്നതിൽ നിന്നു മാനേജർമാരെ വിലക്കാൻ പര്യാപ്തമാണെന്നു ഗവർമ്മെൻറ് കരുതുന്നു.

പ്രൈവറ്റ് സ്കൂൾ ഗ്രാഡുവേറ്റ് ടീച്ചേഴ്സ് അസ്സോസിയേഷൻ

* 303 [1038] ശ്രീ. എൻ. കെ. ശേഷൻ: താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസമന്ത്രി സദയം മറുപടി നൽകുമോ:

പ്രൈവറ്റ് സ്കൂൾ ഗ്രാഡുവേറ്റ് ടീച്ചേഴ്സ് അസ്സോസിയേഷന്റെ കേന്ദ്രക്കമ്മറ്റി സർക്കാരിന് നൽകിയിട്ടുള്ള നിവേദനത്തിൻമേൽ ഇതേവരെയായി കൈക്കൊണ്ടിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദീകരിക്കാമോ ?

വിദ്യാഭ്യാസമന്ത്രി (ശ്രീ. സി. എച്ച്. മുഹമ്മദുകോയ): പ്രൈവറ്റ് സ്കൂൾ ഗ്രാഡുവേറ്റ് ടീച്ചേഴ്സ് അസ്സോസിയേഷൻ ഗവർമ്മെൻറ് അംഗീകരിച്ചിട്ടുള്ള ഒരു സംഘടനയല്ല. അംഗീകരിക്കാത്ത സംഘടനകളിൽ നിന്നുള്ള നിവേദനങ്ങൾ ഗവർമ്മെൻറു സാധാരണഗതിയിൽ പരിശോധിക്കാറില്ല. പതിവിൽനിന്ന് അല്പം വ്യതിചലിച്ചിട്ടാണെങ്കിലും— പ്രൈവറ്റ് സ്കൂൾ ഗ്രാഡുവേറ്റ് ടീച്ചേഴ്സ് അസ്സോസിയേഷൻ ഉന്നയിച്ചിട്ടുള്ള ആവശ്യങ്ങളിൻമേൽ ഗവർമ്മെൻറ് എന്തൊക്കെ നടപടികളെടുത്തിട്ടുണ്ടെന്ന് കാണിച്ച് അവർക്ക് ഒരു മറുപടി നൽകിയിട്ടുണ്ട്. അതിന്റെ ഒരു പകർപ്പ് ഇതോടൊന്നിച്ച് മേശപ്പുറത്ത് വച്ചിട്ടുണ്ട്†.

ലാസ്റ്റ് ഗ്രേഡ് ജീവനക്കാരുടെ ശമ്പളം

* 304 [1043] കെ. പി. രാഘവപൊതുവാൾ: താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവർമ്മെൻറ് അധികാരത്തിൽ വന്നതിനുശേഷം ലാസ്റ്റ് ഗ്രേഡു ജീവനക്കാരുടെ ശമ്പള സ്കെയിലിൽ വല്ല വർദ്ധനവും ഉണ്ടായിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എത്രയാണ്;

(സി) നിലവിലുള്ള ജോലിക്കാർക്ക് ഈ പരിഷ്കരണംമൂലം ഗുണമുണ്ടായിട്ടില്ലെന്നതു ശരിയാണോ;

† Appenpix I.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ആണെങ്കിൽ ആയതു പരിഹരിക്കാനുള്ള നിവേദനം അനുഭാവ പൂർവ്വം പരിഗണിക്കുമോ;

(ഇ) ഇ. ടി. എ. യുടെ കാര്യവും പുനഃപരിശോധന ചെയ്യുമോ?

റവന്യൂമന്ത്രി (ശ്രീമതി കെ. ആർ. ഗൗരി):

(എ) ഉണ്ട്.

(ബി) ലാസ്റ്റ്‌ഗ്രേഡ് ജീവനക്കാരുടെ കാര്യത്തിൽ 60–1–70–2–80 എന്ന ശമ്പളസ്കെയിൽ 1–4–1968 മുതൽ 60–2–70–3–100 ആയും 1–7–1968 മുതൽ 70–3–115 ആയും ഉയർത്തിയിട്ടുണ്ട്. തൻമൂലം, മിനിമത്തിൽ 10 രൂപയുടെയും മാക്സിമത്തിൽ 35 രൂപയുടെയും വർദ്ധനവുണ്ടായിട്ടുണ്ട്. വാർഷിക ഇൻക്രിമെന്റു നിരക്ക് രണ്ടു ഘട്ടങ്ങളിലായി ഒരു രൂപാ, രണ്ടു രൂപാ എന്നായിരുന്നത് മൂന്നു രൂപയായും വർദ്ധിപ്പിച്ചിട്ടുണ്ട്.

(സി) ശരിയല്ല. പഴയ ശമ്പളസ്കെയിലിൽ വാങ്ങിയിരുന്ന ശമ്പളം അടിസ്ഥാനമാക്കി പുതിയ സ്കെയിലിലെ അടുത്ത പടിയിൽ ശമ്പളം നിശ്ചയിക്കുവാൻ വ്യവസ്ഥ ചെയ്തിട്ടുണ്ട്. 1–7–1968-ൽ 70 രൂപയിൽ താഴെ ശമ്പളം പറ്റുന്നവർക്ക് 70 രൂപാ മിനിമം കൊടുക്കാനും വ്യവസ്ഥയുണ്ട്.

(ഡി, ഇ) 1–7–1968 മുതൽ നടപ്പാക്കിയ ശമ്പള പരിഷ്കരണത്തിൽ ഭേദഗതികളും ആവശ്യപ്പെട്ടുകൊണ്ട് പല നിവേദനങ്ങളും കിട്ടിയിട്ടുണ്ട്. അവയെല്ലാം ഗവർമ്മെൻറിന്റെ പരിഗണനയിലാണ്.

ലാസ്റ്റ് ഗ്രേഡ് ജീവനക്കാരുടെ ദിനബത്തയുടെ നിരക്ക് മൂന്നു രൂപയായിരുന്നതു നാലു രൂപയായി മാറ്റി, അവരുടെ യാത്രപ്പടിയും വർദ്ധിപ്പിച്ചിട്ടുണ്ട്.

വിഷയങ്ങൾ പഠിപ്പിക്കുന്നതിനുള്ള സമയ വിഭജനം

* 305 [1048] ശ്രീ. പി. എൻ. ചന്ദ്രസേനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂളുകളിൽ ഭാഷകളും മറ്റു വിഷയങ്ങളും പഠിപ്പിക്കുന്നതിന് സമയവിഭജനം ഏതു രൂപത്തിലായിരിക്കണമെന്നു കാണിച്ചു വല്ല പുതിയ നിർദ്ദേശവും സ്കൂളുകൾക്ക് നൽകുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിന്റെ സ്വഭാവം എന്താണ്?

വിദ്യാഭ്യാസമന്ത്രി (ശ്രീ. സി. എച്ച്. മുഹമ്മദുകോയ):

(എ, ബി) ഇതിനെക്കുറിച്ച് വിദ്യാഭ്യാസ ഉപദേശക സമിതിയുടെ ചില നിർദ്ദേശങ്ങൾ ഗവർമ്മെൻറിന്റെ പരിഗണനയിലിരിക്കുകയാണ്. ഈ നിർദ്ദേശങ്ങളിൽ ഒരു തീരുമാനമെടുത്താൽമാത്രമേ ഇതിന്റെ സ്വഭാവത്തെക്കുറിച്ച് എന്തെങ്കിലും പറയുവാൻ സാദ്ധ്യമാവുകയുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly